# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# [www.lfa.kerala.gov.in](http://www.lfa.kerala.gov.in)

## നെടുമുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# **2015-2016**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി /പി.1-36/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി, 17/1/2017

ഫോൺ - 0477- 2252753

ഇമെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെടുമുടി ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-4 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-6, 3-7 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി-1-36/17 തിയ്യതി:17/1/2017

സാമ്പത്തിക വർഷത്തെ ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2015-16

ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2.01.2016 മുതൽ 31.3.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലീം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 26.12.2016മുതൽ 05.01.2017 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ഫമിൻ.എസ്.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.രാജി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.പി.രത്നമ്മ. | 01.4.2015 മുതൽ 31.10.2015 വരെ. |
| 2 | ശ്രീ.എം.കെ.ചാക്കോ. | 19.11.2015 മുതൽ 31.3.16വരെ. |
| 3 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-15 മുതൽ 18-11-15 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1<br>2<br>3<br>4 | ശ്രീ.വി.ആർ.ജയകുമാർ.<br>ശ്രീ.എ,നൗഷാദ്.<br>ശ്രീ.പി.വി.വിനോദ്,<br>അസി.സെക്രട്ടറി (ഇൻ ചാർജ്)<br>ശ്രീ.കെ.എൻ.വിമൽകുമാർ. | 01.04.2015 മുതൽ 30.04.2015 വരെ<br>30.04.2015(എ.എൻ) മുതൽ 01.6.15വരെ<br>01.6.15 (എ.എൻ) മുതൽ 21.7.15വരെ<br>22.7.15 മുതൽ 31.3.16വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ആനിമാത്യു.<br>ശ്രീ.എസ്.സന്തോഷ് കുമാർ.<br>ശ്രീമതി.എൻ.രമാദേവി. | 1.4.2015 മുതൽ 22.5.2015വരെ<br>22.5.2015(AN)മുതൽ 29.7.2015വരെ.<br>30.11.15 മുതൽ 31.3.2016വരെ<br>29.7.2015 (AN) മുതൽ 30.11.15 വരെ. |
| 2 | വെറ്ററിനറി സർജൻ | ഡോ.ദീപ | 1.4.2015 മുതൽ 31.3.2016വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.ഗിരിജാദേവി<br>ശ്രീമതി.നിള.എം. | 1.4.20 15മുതൽ 21.1.16വരെ<br>21.1.16(എ.എൻ)മുതൽ 31.3.16വരെ |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.സിന്ധു ശ്രീധർ. | 1.4.2015 മുതൽ 31.3.2016വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.ബേനസീർ കോയ തങ്ങൾ | 1.4.2015 മുതൽ 31.3.2016വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുജാത. | 1.4.2015 മുതൽ 31.3.2016വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.(യു.പി.എസ്.) | ശ്രീമതി. ബീനാമോൾ.<br>ശ്രീ.ഷുക്കൂർ.എം. | 1.4.2015 മുതൽ 3.6.2015വരെ<br>4.6.15 മുതൽ 31.3.2016വരെ |
| 9 | അസിസ്റ്റന്റ്<br>എൻജിനീയർ | ശ്രീ.കൃഷ്ണേന്ദു.<br>ശ്രീ.റനി സെബാസ്റ്റ്യൻ.<br>ശ്രീമതി.ദേവിരാമചന്ദ്രൻ | 1.4.2015 മുതൽ 21.8.2015വരെ<br>22.8.15 മുതൽ 31.1.2016വരെ<br>01.2.16 മുതൽ 31.3.2016വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രജീഷകമാരി | 1.4.2015 മുതൽ 31.3.2016വരെ |
| 11 | അസി. സെക്രട്ടറി | ശ്രീ.T.V. വിനോദ്<br>ശ്രീ.അജയകുമാർ | 1.4.2015 മുതൽ 19.8.2015 വരെ<br>20.8.2015മുതൽ 31.3.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to<br>1-15 |
| | ഭാഗം -2 | |
| 2 | വരവ് കുറയുന്നു - നികുതി പിരിവ് കാര്യക്ഷമമല്ല | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-2 |
| 4 | ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല -<br>വരുമാന നഷ്ടം | 2-3 |
| 5 | D & O ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, ലൈസൻസ് ഫീ നിയമാനുസൃതം ഈടാക്കുന്നില്ല | 2-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല | 2-5 |
| | ഭാഗം -3 | |
| 7 | കാർഷിക മേഖലയിൽ വേണ്ടത്ര<br>പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-1 |
| 8 | മരാമത്ത് വേലകൾ - എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്ക നിർണ്ണയം മൂലം ഭീമമായ നഷ്ടം - മിക്കതിന്റെയും മോണിറ്ററിംഗ് നടത്തിയിട്ടില്ല | 3-2 |
| 9 | നെടുമുടി കൃഷി ഭവൻ മെയിന്റനൻസ് | 3-3 |
| 10 | പൊങ്ങ തോട്ടുമുക്ക് പാലം നിർമ്മാണം | 3-4 |
| 11 | നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക<br>നിലയം പുനരുദ്ധാരണം | 3-5 |
| 12 | വാട്ടർടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം - വെള്ളക്കരമിനത്തിൽ അധിക തുക അടയ്ക്കുന്നു | 3-6 |
| 13 | തെരുവു വിളക്കുകൾ - ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് നല്കുന്നു | 3-7 |
| 14 | അഗതി - ആശ്രയ വസ്തുവാങ്ങൽ - വെൻഡർക്ക്<br>അധിക തുക നൽകി | 3-8 |
| 15 | ഡെപ്പോസിറ്റ് വർക്കുകൾ - കരാർ കാലാവധിക്ക് ശേഷവും പൂർത്തിയാക്കിയിട്ടില്ല | 3-9 |

| | | |
|---|---|---|
| 16 | സ്പോർട്സ് ഇനങ്ങൾ വാങ്ങൽ - വിനിയോഗ രേഖകൾ ഇല്ല | 3-10 |
| 17 | തൊഴിൽ രഹിത വേതന വിതരണം - ഗുണഭോക്തൃ ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 3-11 |
| 18 | പാലിയേറ്റിവ് കെയർ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ | 3-12 |
| 19 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ശേഷിച്ച പണം തിരികെ അടച്ചിട്ടില്ല | 3-13 |
| 20 | നോൺബാങ്കിംഗ് ട്രഷറി - വെറ്ററിനറി സർജന് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ടില്ല | 3-14 |
| 21 | ആഡിറ്റ് ഇംപാക്ട് - ആഡിറ്റ് നിർദ്ദേശത്തെ തുടർന്ന് മൂല്യവർദ്ധിത നികുതി ഈടാക്കി | 3-15 |
| | ഭാഗം -4 | |
| 22 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| | അനുബന്ധം | |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 24 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.2.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 82423000 | 82167000 |
| വാർഷിക കണക്ക് പ്രകാരം | 28191466 | 35609570 |

NREGS, Bഫണ്ട് എന്നീ ഇനങ്ങളിലുള്ള വരവു ചെലവുകൾ പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

**1-2** വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.7.201 |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

**1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14183877 |
| വരവ് | 28191466 |
| ആകെ | 42375343 |
| ചെലവ് | 35609570 |
| നീക്കിയിരിപ്പ് | 6765773 |

**1-5** ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | TC ചെയ്തത് (+/_) | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ (2)+(3)+(5) | ചെലവ് | തിരിച്ചടച്ചവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വികസന ഫണ്ട് (Gen) | 535969 | 6250803 (+) | 9263796 | 1172531 | 7959303 | 7959303 | 0 | 0 |
| വികസന ഫണ്ട് (SCP) | 1427454 | 857454 (-) | 4019454 | 1520000 | 2090000 | 2090000 | 0 | 0 |
| വികസന ഫണ്ട് (TSP) | - | - | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (Road) | 101375 | 0 | 1475000 | 1051028 | 1152403 | 1152403 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (NR) | 1043427 | 0 | 2697000 | 1045489 | 2088916 | 2088916 | 0 | 0 |
| ധന. കമ്മീ | 1166842 | 2112313 | 4126379 | 3270574 | 4101152 | 4101152 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഷൻ ഗ്രാന്റ് | + 1776049 **(*)** | (-) | | | | | | | |
| പെർഫോ മൻസ് ഗ്രാന്റ് | 3430821 | 3281036 (-) | 3281036 | 2713897 | 2863682 | 2863682 | 0 | 0 |
| MGNREGS ഫണ്ട് | - | - | 451474 | 445980 | 445980 | 445980 | 0 | 0 |

*** TC** ചെയ്യുന്നതിനു മുൻപ് പി.ഡി. അക്കൗണ്ടിൽ വന്ന തുക

**1-6**പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| **163** | **33142234** | **119** | **20323276** | **5** | **39** | **73** |

നടപ്പാക്കാത്ത പദ്ധതികളിൽ 30 എണ്ണം മാത്രമാണ് 2016-17 സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുള്ളത്, 9 എണ്ണം ഉപേക്ഷിച്ചു. ഇതിൽ നിന്നും ഓഡിറ്റ വർഷം പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല എന്നു വ്യക്തമാകുന്നു.

**1-7** തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.77% ശതമാനം കറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2904624 | 2325483 | (-)579141 | (-)19.96% |
| നികുതിയേതര വരവുകൾ | 1669719 | 1001889 | (-)667830 | (-)39.99% |
| മറ്റ് വരവുകൾ | 22405 | 38749 | (+)16344 | (+)42.17% |
| ആകെ | 4596748 | 3366121 | 1230627 | (-)26.77% |

മുൻ വർഷം കുടിശ്ശിക പിരിവിലുണ്ടായ വർദ്ധനയും ഓഡിറ്റ വർഷം വസ്തു നികുതി ഒഴിവ്വാക്കൽ മൂലമുണ്ടായ വരുമാന കുറവും ആണ് ഇപ്രകാരം തനതു വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് കുറയാൻ കാരണം.

**1-8** ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 193080 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 10487430 | 1427 |
| വിധവാപെൻഷൻ | 4194640 | 460 |
| വാർദ്ധക്യകാലപെൻഷൻ | 788550 | 743 |
| വികലാംഗപെൻഷൻ | 2179105 | 215 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 562240 | 58 |
| വിവാഹധനസഹായം<br>(വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

**1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.1.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1836/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10** ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൽപ്പെടുത്തി കാലികമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

**1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.12.2016 | 30.11.16 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.16 മുതൽ<br>4.6.16 വരെ. | 2011-12 മുതൽ<br>2015-16 വരെ. | 26.8.16. |

**1-12** ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് നെടുമുടി ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി വർഷങ്ങളായി നിലവിലുണ്ടായിരുന്നു എങ്കിലും 9/2014 മുതൽ യാതൊരു തുകയും വരവില്ല. മുന്നിരിപ്പ് തുകയിൽ നിന്നും 2015-16 ൽ 4000/- രൂപാ ചെലവഴിച്ചതിനു ശേഷം 31.3.2016ൽ 56045/- രൂപാ ഇതിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (ADCB ചമ്പക്കുളം ശാഖയിലെ കറണ്ട് അക്കൗണ്ട് നം. 000012 ൽ) നീക്കിയിരിപ്പുണ്ട്. കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശയിനത്തിൽ യാതൊരു തുകയും വരവില്ല.

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ കാര്യമായ സഹായം ചെയ്യാൻ കഴിഞ്ഞ കുറേ നാളുകളായി ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

അതുപോലെ, നിലവിലുള്ള കറണ്ട് അക്കൗണ്ടിൽ നിന്നും തുക സേവിംഗ്സ് അക്കൗണ്ടിലേക്കു മാറ്റിയാൽ നിക്ഷേപത്തിന് പലിശ ലഭിക്കുന്നതാണ്. ആയതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-13** അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്ര ങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. ആകെ 23 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 2 എണ്ണത്തിനു മാത്രമാണ് സ്വന്തമായി ഉപയോഗയോഗ്യമായ കെട്ടിടങ്ങളുള്ളത്. ബാക്കിയുള്ളവയിൽ രണ്ടെണ്ണം താല്കാലിക കെട്ടിടത്തിലും 19 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

23 ൽ ഒരെണ്ണത്തിനു മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. വികേന്ദ്രീകരണാസൂത്രണം ആരംഭിച്ച് 2 ദശാബ്ദങ്ങളായിട്ടും ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നത് അഭിമാനകരമല്ല. ഇതിൽ നിന്നും അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-14** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസലരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | : | 2957 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | : | 4472 |

| | | |
|---|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | : | 1903 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | : | 2215 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | : | 80872 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | : | 42 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുമ്പങ്ങളുടെ എണ്ണം | : | 30 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 42 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. അതുപോലെ കേവലം 30 കുടുംബങ്ങൾക്കു മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായത്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-15**ഉത്പാദന മേഖല അവഗണിക്കപ്പെടുന്നു

കൃഷി, മൃഗസംരക്ഷണം, മത്സ്യ ബന്ധനം മുതലായ പ്രാഥമിക മേഖലക്ക് ഏറെ പ്രാധാന്യമുള്ള നെടുമുടി പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിൽ ഉത്പാദന മേഖല തീർത്തും അവഗണിക്കപ്പെട്ടു. കൃഷി ഓഫീസർ ഒരു പദ്ധതി പോലും നടപ്പാക്കിയില്ല. ധാരാളം പാടശ്ശേഖരങ്ങളുള്ള ഇവിടെ നെൽകൃഷിക്കായി ഒരു പദ്ധതി പോലും വിഭാവനം ചെയ്തിട്ടില്ല. വെറ്റനറി സർജൻ നിർവ്വഹിച്ച പദ്ധതികൾ എല്ലാം സേവന, പശ്ചാത്തല മേഖലകളിലാണ്. ഡയറി ഫാം ഇൻസ്പക്ടർ മാത്രമാണ് ഉത്പാദനമേഖലയിൽ പദ്ധതി നിർവ്വഹണം നടത്തിയത്. മത്സ്യബന്ധന മേഖലയിലും പദ്ധതിയില്ല. പഞ്ചായത്തിന്റെ ആകെ പദ്ധതിച്ചെലവ് 2.03 കോടി രൂപ ഉള്ളപ്പോൾ ഉത്പാദനമേഖലയിൽ ചെലവ് കേവലം 6.06 ലക്ഷം മാത്രമാണ്. ആകെ പദ്ധതിച്ചെലവിന്റെ 2.98 ശതമാനം മാത്രമാണ് ഉത്പാദനമേഖലയിൽ ചെലവഴിക്കപ്പെട്ടത്. പ്രാഥമിക മേഖലക്ക് ഇത്രയേറെ പ്രാധാന്യമുള്ള നെടുമുടി ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ കുറവ് ഭൂഷണമല്ല. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് കുറയുന്നു - നികുതി പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്തിന്റെ 2015-16ലെ നികുതി - നികുതിയേതര വരവുകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് വൻ കുറവാണ് ഉണ്ടായത്. നികുതി വരവ് 20ശതമാനവും നികുതിയേതര വരവ് 40 ശതമാനവും കുറഞ്ഞു. ആകെ വരവിൽ 26.8 ശതമാനത്തിന്റെ ഇടിവാണുണ്ടായത്.

വസ്തുനികുതി പിരിവിൽ വന്ന വൻ കുറവാണ് നികുതി വരുമാനം ഇടിയാൻ ഇടയാക്കിയത്. വസ്തുനികുതിയോടൊപ്പം ഈടാക്കുന്ന സേവന സെസ്സിലെ കുറവ് നികുതിയേതര വരവിനേയും ബാധിച്ചു. മുൻ വർഷം വസ്തുനികുതി കുടിശ്ശിക കിഴിച്ച് 1072954/- രൂപ ഈടാക്കിയ സ്ഥാനത്ത് തൻ വർഷം 649568/- രൂപ മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. പിരിവിൽ 39.54 ശതമാനത്തിന്റെ കുറവുണ്ടായി. മുൻ വർഷം ഡിമാന്റിന്റെ 32.13 ശതമാനം കളക്ഷൻ നടന്നപ്പോൾ തൻവർഷമിത് 24.80 ശതമാനമാനമായി (ഡിമാന്റ് 2618498/- രൂപ ) കുറഞ്ഞു. തൻവർഷം വസ്തുനികുതി കുടിശ്ശിക ഡിമാന്റ് 4219866/- രൂപയും പിരിവ് 655745/- രൂപയുമാണ്; അതായത് 15.54 ശതമാനം മാത്രം. ആകെ വസ്തുനികുതി പിരിവ് (കുടിശ്ശിക ഉൾപ്പടെ) ഡിമാന്റിന്റെ 19 ശതമാനം മാത്രവുമാണ്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും സേവന സെസ്സ് യാഥാർത്ഥ്യ ബോധത്തോടെ പരിഷ്കരിക്കുന്നതിനും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് തൊഴിൽ നികുതി. എന്നാൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെയും വ്യക്തികളെയും കണ്ടെത്തുന്നതിലും, നികുതി നിർണ്ണയത്തിലും ഉണ്ടായ വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

എ) തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ

കണ്ടെത്തുന്നതിലുണ്ടായ വീഴ്ച മൂലം വരുമാന നഷ്ടം

2015-16 ൽ കേവലം 124 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്രയും സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൻവർഷം നികുത് ഈടാക്കിയിട്ടുള്ളത്. (സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ആകെ വരവ് കേവലം 99360/- രൂപ.) ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ലിസ്റ്റ് താരതമ്യേന ചെറുതാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി രജിസ്റ്റർ പ്രകാരം വ്യാപര സ്ഥാപനങ്ങൾക്കു വേണ്ടി 616 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. അതുപോലെ ഓഡിറ്റു നടത്തിയ അന്വേഷണത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നു വ്യക്തമായി.

ഉദാഹരണമായി പഞ്ചായത്തു സമർപ്പിച്ച കണക്കു പ്രകാരം 12 കള്ളു ഷാപ്പുകൾ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ ഒന്നിൽ നിന്നും തൊഴിൽ നികുതി ഈടുക്കിയിട്ടില്ല. പരമാവധി നിരക്കിൽ (അർദ്ധവർഷം 1250/- പ്രതിവർഷം 2500/-) നികുതി ഈടാക്കാമായിരുന്ന സ്ഥാപനങ്ങളാണ് ഇവ.

വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ ഉടമകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 ബി പ്രകാരം നോട്ടീസ് നൽകി ഈ കെട്ടിടങ്ങൾ ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന വിവരം ശേഖരിച്ച് എല്ലാ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

ബി) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2015-16 ൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല.

1. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ A-87, ചേന്നംകരി,

2.പോസ്റ്റ് ആഫീസ്, നെടുമുടി

3.പോസ്റ്റ് ആഫീസ്, പണ്ടാരക്കുളം

4. പോസ്റ്റ് ആഫീസ്, പൊങ്ങ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-3 ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല - വരുമാന നഷ്ടം

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്തുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14വർഷം മുതൽ ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രദേശത്ത് നാലു ടവ്വറുകൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നാണ് അറിയിച്ചത്. 14.1.2011ലെ 19/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ടവറുകളുടെ വസ്തുനികുതി നിർണ്ണയിയ്ക്കേണ്ടത്. ഇത് പ്രകാരം ഒരു ചതുരശ്ര മീറ്ററിന് 500/-രൂപയാണ് ഈടാക്കേണ്ടത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും കെട്ടിട നമ്പരും | തറ വിസ്തീർണ്ണം | ഈടാക്കേണ്ട വാർഷിക നികുതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | ഇൻഡസ് ടവേഴ്സ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് (15/63A) | $14.23m^2$ | 7115 | 2013-14 വർഷംസ്ഥാപിച്ചു. പുതിയ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. |
| 2. | ടാറ്റാ ടെലി ഇൻഫോ സർവ്വീസസ് ലിമിറ്റഡ് (11/342A) | $15.54m^2$ | 7770 | 2008-09 വർഷം നമ്പർ നൽകി. നിർണ്ണയിച്ച വസ്തുനികുതി-222/-. 2011-12 മുതൽ പുതുക്കിയ നിരക്കിൽ ഈടാക്കണം |
| 3. | വോഡഫോൺ എസ്സാർ സർവ്വീസസ് ലിമിറ്റഡ് (5/282) | $19.88m^2$ | 9940 | 2008-09 വർഷം നമ്പർ നൽകി. നിർണ്ണയിച്ച വസ്തുനികുതി-433/-. 2011-12 മുതൽ പുതുക്കിയനിരക്കിൽ ഈടാക്കണം |
| 4. | ബി.എസ്.എൻ.എൽ (9/212A) | $16m^2$ | 8000 | 2013-14ൽ നികുതി നിർണ്ണയിച്ചു. പുതിയ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. |
| ആകെ | | | **32825/-** | |

ടവ്വറുകളുടെ വസ്തുനികുതിയിനത്തിൽ 2015-16 വർഷം മാത്രം 32825/- രൂപയുടെ നഷ്ടം ഉണ്ട്. 14.1.2011ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011-12 മുതലുള്ള കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം നൽകേണ്ടതാണ്.

## 2-4 D & O ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, ലൈസൻസ് ഫീ നിയമാനുസൃതം ഈടാക്കുന്നില്ല

ഓഡിറ്റ വർഷം 124 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഇവിടെ ശേഖരിച്ചിട്ടുള്ളത്. ഇത്രയും സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പല സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും കാണുന്നു.

ഉദാഹരണമായി 12 കള്ള് ഷാപ്പുകൾ.

ലൈസൻസ് ഇല്ലാതെ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട സംഭവവുമാണ്. ഇതിൻ മേൽ ആവശ്യമായ നടപടികൾ സ്വികരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ വർഷം ലൈസൻസ് ഫീ ഇനത്തിൽ ടി 124 സ്ഥാപനങ്ങളിൽ നിന്നുമായി ആകെ കേവലം 18990/- രൂപാ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മിക്ക സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള ഫീ ആണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ ചട്ടം അനുസരിച്ച് സ്ഥാപനങ്ങളുടെ ദിവസ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ഫീ നിർണ്ണയിക്കേണ്ടത്. എന്നാൽ, ചട്ട പ്രകാരമല്ല മിക്ക സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

ഉദാഹരണമായി,

കരീപ്പറം ഗ്യാസ് ഏജൻസീസ്, ലൈസൻസ് ഫീ ഈടാക്കിയത് രൂ. 500/-

ലൈസൻസ് ഫീ ചട്ടം പട്ടിക II പ്രകാരം പ്രതിദിനം 100000/- രൂപയിലധികം വിറ്റുവരവുള്ള ഈ സ്ഥാപനത്തിൽ നിന്നും 4000/- രൂപ ഫീ ഈടാക്കേണ്ടിയിരുന്നു.

എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ടി വിഷയങ്ങളിൽ ഭരണ സമിതിയുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282പ്രകാരം മൂന്നുവർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാമെന്നാണ് വ്യവസ്ഥ. 29.2.12 മുതൽ 19.3.12 വരെയുള്ള തീയതികളിലായി സ്വീകരിച്ച 5750/- രൂപയുടെ ഡെപ്പോസിറ്റുകൾ നാളിതുവരെ തിരികെ നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.8/ 4.1.2017) നല്കിയെങ്കിലും മറുപടി നൽകിയിട്ടില്ല. കാലാഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക മേഖലയിൽ വേണ്ടത്ര പദ്ധതികൾ നടപ്പാക്കുന്നില്ല.

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയതായിട്ടില്ല. രണ്ട് പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു, വാഴവിത്ത് വിതരണം (പ്രോജക്ട് നം.120/16 (സ്പിൽ ഓവർ) അടങ്കൽ 25635/-), ജൈവപച്ചക്കറികൃഷി (പ്രോജക്ട് നം.192/16 അടങ്കൽ 204375/-). എന്നാൽ ഇവ രണ്ടും നടപ്പാക്കിയിട്ടില്ല.

മുൻ വർഷവും (2014-15 ) കാര്യമായ പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പാക്കിയിരുന്നില്ല. അംഗീകാരം നേടിയ 4 പ്രോജക്ടുകളിൽ കേവലം ഒരെണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയത്, ഒരെണ്ണം ഭാഗികമായും. 2014-15 വർഷം സ്പിൽഓവറായി അംഗീകാരം നേടിയ കുറ്റികുരുമുളക് തൈ വിതരണം (പ്രോജക്ട് നം.122/15അടങ്കൽ 19200/-), തെങ്ങിൻ തൈ വിതരണം (പ്രോജക്ട് നം.123/15 അടങ്കൽ 38500/-) എന്നിവ ആ വർഷം നടപ്പാക്കാതിരുന്നിട്ടും അവ 2015-16ൽ സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുമില്ല.

ഇതുവരെയുള്ള ചെലവുരേഖകൾ പരിശോധിച്ചതിൽ നടപ്പുവർഷവും (2016-17) കാർഷിക മേഖലയിൽ ഒരു തുകയും ചെലവായിട്ടില്ല എന്നു കാണുന്നു.

സംസ്ഥാനത്തിന്റെ നെല്ലുൽപാദനത്തിൽ മുഖ്യ പങ്കു വഹിയ്ക്കുന്ന കുട്ടനാടിന്റെ ഭാഗമായിരുന്നിട്ടും നെൽകൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനായി പഞ്ചായത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. നെൽകൃഷിയിടങ്ങൾ ധാരാളമുള്ള ഈ പ്രദേശത്ത് മുപ്പതിലധികം പാടശേഖരങ്ങളുണ്ട്. എന്നിട്ടും ഈ മേഖലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും നടപ്പാക്കിയ നെൽ വിത്തു വിതരണത്തിനുള്ള പദ്ധതി പോലും ടി രണ്ടു വർഷങ്ങളിലും ഈ ഗ്രാമ പഞ്ചായത്ത് എറ്റെടുത്തില്ല.

ഓഡിറ്റ വർഷം ആവിഷ്കരിച്ച പദ്ധതികൾ ഒന്നും നടപ്പാക്കാത്തതിന്റെയും മുൻ വർഷം നടപ്പാക്കാതിരുന്ന പദ്ധതികൾ ഈ വർഷം സ്പിൽ ഓവറായി ഏറ്റെടുക്കാതിരുന്നതിന്റെയും കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/29.12.2016) മറുപടി നൽകിയില്ല. ഗ്രാമപഞ്ചായത്ത് മുഖേന പദ്ധതികൾ നടപ്പാക്കാത്ത സാഹചര്യത്തിൽ കാർഷികമേഖലയ്ക്കും കർഷക ക്ഷേമത്തിനും സഹായകമായി കൃഷി ഓഫീസ് മുഖേന വകുപ്പു തലത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നതിനും വിശദീകരണം ലഭിച്ചില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കൃഷിയോഗ്യമായ ഭൂമിയുടെയും അതിൽ എത്ര ഭാഗത്ത് നിലവിൽ കൃഷിചെയ്യുന്നു എന്നതിന്റെയും വിവരം പോലും ലഭ്യമാക്കാൻ കൃഷിഓഫീസിന് ആയില്ല.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഉത്പാദന മേഖലയ്ക്ക് മുന്തിയ പരിഗണന അനിവാര്യമായിരുന്നിട്ടും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കാരണം കാർഷികവൃത്തിയ്ക്ക് തികച്ചും അനുയോജ്യമായ പ്രദേശമായിരുന്നിട്ടും, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന പ്രദേശമായിരുന്നിട്ടും അതിന് സഹായകമായ യാതൊരു പ്രവർത്തനവും കൃഷി ഓഫീസിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

കുട്ടനാടൻ മേഖലയിലുള്ള കൃഷി ഓഫീസ് മേഖലയുടെ സമഗ്ര വികസനത്തിനുതകും വിധം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും സത്വര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-2 മരാമത്ത് വേലകൾ - എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്ക നിർണ്ണയം മൂലം ഭീമമായ നഷ്ടം - മിക്കതിന്റെയും മോണിറ്ററിംഗ് നടത്തിയിട്ടില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തു നടപ്പാക്കിയ മരാമത്തു വേലകളിൽ ഭൂരിഭാഗവും എർത്ത് ഫില്ലിംഗ് ഉൾപ്പെട്ടവയും അവയിൽ ഭൂരിഭാഗവും ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയവയുമാണ്. എന്നാൽ എർത്ത് ഫില്ലിംഗിന് അനുവദനീയമായതിലും അധിക നിരക്ക അനുവദിച്ചതുമൂലം ഭീമമായ ചെലവു നഷ്ടം ഉണ്ടായതായും, അതുപോലെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ കാര്യത്തിൽ മിക്ക പ്രവൃത്തികളുടെയും മോണറ്ററിംഗ് നടത്തിയിട്ടില്ല എന്നും കാണുന്നു. വിശാദംശം ചുവടെ.

എൽ. എസ്. ജി. ഡി. ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം. DB.3/6512/ 2013/CE/LSGD തീയതി 13.2.2014 അനുസരിച്ച് 2014-15, 2015-16 കാലഘട്ടങ്ങളിൽ മരാമത്തു വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലായിരുന്നു. DSR ൽ ഇല്ലാത്ത ഇനം വേലകൾക്കു മാത്രമാണ് പ്രാദേശിക നിരീക്ഷണമനുസരിച്ചുള്ള നിരക്ക നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ വർഷം നടപ്പാക്കിയ മരാമത്തു വേലകളിൽ എർത്ത് ഫില്ലിംഗ് ഇനത്തിന് ടി നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക നിശ്ചയിച്ചതു മൂലം ഭീമമായ അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു.

DSR 2014 Vol. I ഇനം 2.2.1 പ്രകാരമുള്ള എർത്ത് വർക്ക് നിരക്കിനൊപ്പം ഇനം 1.1.2 പ്രകാമുള്ള കാര്യേജ് നിരക്ക കൂട്ടി കോസ്റ്റ് ഇന്റക്സ് കൊണ്ട് ഗുണിച്ചാണ് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. ജില്ലയിലെ ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളിലും ഇപ്രകാരമാണ് ഈയിനം വേലകൾക്ക് നിരക്ക് നിർണ്ണയിച്ചത്. എന്നാൽ ഇവിടെ അതിനു പകരം താഴെപ്പറയും പ്രകാരം കമ്പോള നിരക്ക് എന്ന പേരിൽ ഭീമമായ വിലയും നിരത്തുകൂലിയും ഉൾപ്പെടുത്തിയുള്ള നിരക്കാണ് നിർണ്ണയിച്ചത്.

| ഇനം | 2014-15 നിരക്ക് *(സ്പിൽ ഓവർ വേലകൾക്ക്)* (ഘന മീറ്ററിന്) | 2015-16 നിരക്ക് (ഘന മീറ്ററിന്) |
|---|---|---|
| സാധാരണ ഗ്രാവൽ ഉപയോഗച്ചുള്ള ഫില്ലിംഗിന് | 1303.55 | 1556.40 |
| ഗ്രാവലി കട്ടിംഗ്സ് ഉപയോഗിച്ചുള്ള ഫില്ലിംഗിന് | ----- | 1314.00 |

ഗ്രാവൽ സോഴ്സിൽ നിന്നും ഈ ഗ്രാമ പഞ്ചായത്തിലും കൂടുതൽ ദൂരെ സ്ഥിതിചെയ്യുന്ന അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തുകളിൽ ഇതിലും വളരെ കുറഞ്ഞ നിരക്കാണ് ഈ കാലഘട്ടങ്ങളിൽ നൽകിയത് എന്നതും ഇവിടെ ശ്രദ്ധേയമാണ്. *(ഗുണഭോക്തൃ സമിതികൾക്ക് 2015-16 ൽ ഫില്ലിഗിന് ഇവിടങ്ങളിൽ അനുവദിച്ച നിരക്ക് കേവലം 949.65/$m^3$ ആണ്.)*

എൽ. എസ്. ജി. ഡി. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി അംഗീകരിച്ച നിരക്കാണ് ഇവിടെ നല്കിയിട്ടുള്ളത്. ചമ്പക്കുളം ബ്ലോക്ക് പ്രദേശത്തെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഈ കാലയളവിൽ നടന്ന റോഡു വർക്കുകളിൽ മെറ്റലിംഗിനുള്ള നല്ലയിനം ഗ്രാവൽ ഇറക്കി സ്റ്റാക്ക് ചെയ്യുന്നതിന് പോലും അനുവദിച്ചിട്ടുള്ളത് കേവലം 1237.16/$m^3$ എന്ന നിരക്കാണ്. ഇതിലും വളരെ ഉയർന്ന നിരക്കാണ് ഫില്ലിഗിനുള്ള ഗ്രാവലി കട്ടിംഗ്സിനു നല്കിയത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/4.1.2017) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, LSGD ചീഫ് എഞ്ചീനീയറുടെ 15.7.2014 കത്ത് നം. DB2-2014/സി.ഇ. /തസ്വഭവ, 17.7.2014ലെ സർക്കുലർ നം. DB2-6380/2014/സി.ഇ./തസ്വഭവ എന്നിവയുടെ അടിസ്ഥാനത്തിൽ അസി. എക്സി. എഞ്ചിനീയർ തയ്യാറാക്കി അംഗീകരിച്ച നിരക്കാണ് നല്കിയത് എന്നാണ് വിശദീകരിക്കുന്നത്. എന്നാൽ ടി സർക്കുലറിലും കത്തിലും ഗ്രാവലിന് കമ്പോള വില നല്കാൻ നിർദ്ദേശമില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

DSR പ്രകാരം ഫില്ലിഗിന്, റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ചെയ്താൽ പോലും അനുവദനീയമായ പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു (1 ഘനമീറ്ററിന്)

| | | |
|---|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് -(*ലേബർ, റോളർ ചാർജ്ജ്, 1%വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | | 383.09 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38 കി.മീ.) - (*കരാറുകാരന്റെ ലാഭം ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | | 449.51 |
| ഇതിന്റെ 1% വാട്ടർ ചാർജ്ജ് | | 4.495 |
| ആകെ | | 837.095 = 837.10 |
| കോസ്റ്റ് ഇന്റക്സ് സഹിതം കരാറുകാർക്ക് അനുവദനീയമായ പരമാവധി നിരക്ക് | | |
| | 2014-15 (കോസ്റ്റ് ഇന്റക്സ് 1.38) | 837.10x1.38 = 1155.20 |
| | 2015-16 (കോസ്റ്റ് ഇന്റക്സ് 1.4571) | 837.10x1.4571= 1219.74 |
| ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ പരമാവധി നിരക്ക് | | |
| | 2014-15 | 1004.52 |
| | 2015-16 | 1060.64 |

ഓഡിറ്റ് വർഷം ഇപ്രകാരം അധിക നിരക്കു അനുവദിച്ചതുമൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>തെറ്റായ നിരക്കു നിർണ്ണയം മൂലം അധികമൂല്യം നിർണ്ണയിക്കപ്പെട്ട പ്രവർത്തികളുടെ വിശദാംശം</u>

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | കൺവീനറുടെ പേര് | MB നം., ഇനം നം. | ഫില്ലിംഗ് അളവ് (m3) | അനുവദിച്ച നിരക്ക് (ഘന മീറ്ററിന്) | നിർണ്ണയിക്കപ്പെട്ട മൂല്യം | അടങ്കലിൽ ക്രമീ കരിക്കാ ൻ കുറവു ചെയ്ത തുക | അർഹ മായ മൂല്യം | അധിക മായി നല്കിയ തുക | ഫൈനൽ ബിൽ വിവരങ്ങൾ ബിൽനം /തീയതി/തുക | മോണിറ്ററിംഗ് റിപ്പോർട്ട് |
|---|---|---|---|---|---|---|---|---|---|---|---|
| | ***(1) 2015-16*** ലെ പുതിയ പ്രോജക്ടുകൾ **(**അനുവദനീയ നിരക്ക് ***1060.64/m³)*** | | | | | | | | | | |
| 1 | 84/16, വാർഡ് 14, പുളിക്കൽ മുതൽ ഗോകലം വരെ റോഡ് പുനരുദ്ധാരണം | ഉഷ അശോക് | 8/15-16 ഇനം 1 | 60 | 1556.4 | 93384 | 0 | 63638 | 29746 | 18/15-16, 21/12/2015, രൂ.98978/- | ഇല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | 58/16 SNDP പാലം മുതൽ കളത്തിൽ വരെ റോഡ് പുനരുദ്ധാരണം | ഗോപാലകൃഷ്ണൻ നായർ | 11/15-16 ഇനം 1 | 90.75 | ,, | 141243 | 0 | 96253 | 44990 | 19/15-16, 11/1/16 149717 /- | ഇല്ല |
| 3 | 40/16 വാർഡ് 3 പോസ്റ്റോഫീസ് മുതൽ ഗീതാഭവനം വരെ റോഡ് പുനരുദ്ധാരണം | നിജു.ജെ കളത്തിൽ | 6/15-16 ഇനം 1 | 60.75 | ,, | 94551 | 225 | 64434 | 29892 | 20/15-16, 11/1/16 രൂ.100000 /- | ഇല്ല |
| 4 | 91/16, വാർഡ് 15, തൈച്ചോരിപ്പള്ളി - ആനന്ദേശ്വരി റോഡ് പുനരുദ്ധാരണം | റ്റി.ഇസഡ്. ഫിലിപ്പോസ് | 7/15-16 ഇനം 1 | 45.45 | 1556.4 | 70738 | 0 | 48206 | 22532 | 22/15-16, 11/1/16 രൂ.74983 /- | ഉണ്ട് |
| 5 | 25/16, വാർഡ് 2, നടിച്ചിറ മുതൽ വടശ്ശേരി വരെ റോഡ് പുനരുദ്ധാരണം | കെ.കെ. മനു | 4/15-6 ഇനം 1 | 107 | ,, | 166535 | 1528 | 113488 | 51519 | 23/15-16, 11/1/16 രൂ.175000 /- | ഉണ്ട് |
| 6 | 41/16, വാർഡ് 3, മണപ്ര പള്ളി - കളരിക്കൽ പറമ്പ് റോഡ് പുനരുദ്ധാരണം | എൻ.കെ. രാജേഷ് | 5/15-16 ഇനം 1 | 55.54 | 1314 | 72980 | 0 | 58908 | 14072 | 24/15-16, 13/1/16 രൂ.99155 /- | ഉണ്ട് |
| 7 | 35/16, വാർഡ് 5 , ചിറ്റാണത്തറ – വിജയസദനം റോഡ് പുനരുദ്ധാരണം | രതീഷ്കുമാർ | 23/15-16 ഇനം 1 | 30.65 | 1556.4 | 47704 | 566 | 32509 | 14629 | 25/15-16, 16/1/16 രൂ.50000 /- | ഇല്ല |
| 8 | 85/16, വാർഡ് 14, സെന്റ് ആന്റണീസ് മുതൽ പടിഞ്ഞാറോട്ട് റോഡ് പുനരുദ്ധാരണം | തോമസ് കുട്ടി | 20/15-16 ഇനം 1 | 30.4 | 1556.4 | 47315 | 155 | 32243 | 14917 | 27/15-16, 27/1/16 രൂ. 50000 /- | ഇല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | 92/16, വാർഡ് 15, നട്ടവിലേ പറമ്പ് പാലം - നർബോനാപുരം പള്ളി റോഡ് പുനരുദ്ധാരണം | ജോയ് ജേക്കബ് | 19/15-16 ഇനം 1 | 45.45 | ,, | 70738 | 0 | 48206 | 22532 | 30/15-16, 27/1/16, രൂ. 74983 /- | ഇല്ല |
| 10 | 127/16 , വാർഡ് -16, ചാവേലി- ചേലകാട് വഴി ഗ്രാവൽ ചെയ്യൽ | കെ.എം. ശശിധരൻ നായർ | 13/15-16 ഇനം 1 | 60.84 | ,, | 94691 | 373 | 64529 | 29789 | 31/15-16, 27/1/16 രൂ.100000 /- | ഇല്ല |
| 11 | 156/16, വാർഡ് 2, മണ്ണടത്തറ – ചക്കാലക്കൽ റോഡ് പുനരുദ്ധാരണം | ഇടിക്കുള ജോൺ | 22/15-16 ഇനം 1 | 30 | ,, | 46692 | 596 | 31819 | 14277 | 32/15-16, 27/1/16 രൂ.48817 /- | ഉണ്ട് |
| 12 | 59/16, വാർഡ് 8, കൊച്ചുംപള്ളി - അഞ്ച് വേലിത്തറ റോഡ് പുനരുദ്ധാരണം | എം. മണിക്കുട്ടൻ | 14/15-16 ഇനം 1 | 90.6 | 1556.4 | 141010 | | 96094 | 44916 | 35/15-16, 2/2/16, രൂ.149470 /- | ഉണ്ട് |
| 13 | 77/16, വാർഡ് 12, പള്ളിച്ചിറ – പതിമൂന്നിൽ ചിറ റോഡ് പുനരുദ്ധാരണം | ക്ലാരിസ് സജി | 40/15-16 ഇനം 1 | 30.66 | ,, | 47719 | 583 | 32519 | 14617 | 36/15-16, 7/2/16, രൂ.50000 /- | ഇല്ല |
| 14 | 57/16, വാർഡ് 7, കവലക്കൽ - പുളിക്കൽറോഡ് പുനരുദ്ധാരണം | അരവിന്ദാക്ഷൻ | 24/15-16 ഇനം 1 | 121.5 | ,, | 189103 | 449 | 128868 | 59786 | 37/15-16, 21/2/16 രൂ.200000 /- | ഇല്ല |
| 15 | 49/16, വാർഡ് 5, പൌവ്വത്ത് മുതൽ കിഴക്കേക്കര വഴി മുരിക്കലാക്കൽ | അജിത് കുമാർ | 30/15-16 ഇനം 1 | 44 | ,, | 68481 | 226 | 46668 | 21587 | 53/15-16, 11-3-16 രൂ.75000 /- | ഇല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | വരെ റോഡ് പുനരുദ്ധാരണം | | | | | | | | | | |
| 16 | 27/16, വാർഡ് 2, കായിലിപ്പറമ്പ് പാലം - കൊച്ച് വെളൂത്തേട ത്തേടത്ത് പറമ്പ് റോഡ് പുനരുദ്ധാരണം | നിഥിൻ കുമാർ | 16/15-16 ഇനം 2 | 16.74 | ,, | 26054 | 1405 | 17755 | 6894 | 54/15-16, 11-3-16 രൂ.100000 /- | ഉണ്ട് |
| 17 | 176/16, വാർഡ് 5, അക്കിറ്റ മഠത്തിൽ നിന്ന് പടിഞ്ഞാറോട്ട് റോഡ് പുനരുദ്ധാരണം | ടോണി ജോസഫ് | 47/15-16 ഇനം 2 | 19.2 | 1556.4 | 25229 | 0 | 20364 | 4865 | 56/15-16, 11-3-16 രൂ.50000 /- | ഉണ്ട് |
| 18 | 61/16, വാർഡ് 8, തെങ്ങും പള്ളി - പുളിക്കാശ്ശേരി റോഡ് പുനരുദ്ധാരണം | ബിജു ആന്റണി | 45/15-16 ഇനം 1 | 69.3 | 13.5m3 @ 1556.4, 55.8m3 @1314 | 94332 | 0 | 73502 | 20830 | 58/16, 11/3/16 രൂ.99729 /- | ഉണ്ട് |
| 19 | 55/16, വാർഡ് 7, തോട്ടക്കാട് - പുളിക്കൽ റോഡ് പുനരുദ്ധാരണം | ദേവസ്യ ജോസഫ് | 35/15-16 ഇനം 1 | 91.1 | 1556.4 | 141788 | 295 | 96624 | 44869 | 59/15-16, 11/3/16, രൂ. 150000 /- | ഉണ്ട് |
| 20 | 87/16, വാർഡ് 14, നാന്ദ്യറിൽ ചിറ – കൊല്ലം പറമ്പ് റോഡ് പുനരുദ്ധാരണം | ജെ.വൈ. കിരൺ | 39/15-16 ഇനം 1 | 60.58 | 1556.4 | 94287 | 0 | 64254 | 30033 | 62/16, 11/3/16, രൂ. 99474 /- | ഇല്ല |
| 21 | 76/16, വാർഡ് 12, വെങ്കിട – പുതുക്കരി റോഡ് പുനരുദ്ധാരണം | ലൂസിയാമ്മ വർഗ്ഗീസ് | 38/15-16 ഇനം 1 | 30.69 | ,, | 47766 | 633 | 32551 | 14582 | 63/16, 11/3/16, രൂ. 50000 /- | ഉണ്ട് |
| 22 | 79/16, വാർഡ് 13, കാലൂത്തറ – | രാജേഷ് കുമാർ .പി.എം | 36/15-16 ഇനം 1 | 45.42 | ,, | 70692 | 0 | 48174 | 22518 | 64/16, 11/3/16, രൂ. 74934/- | ഇല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | വാല്യംപാക്കൽ റോഡ് പുനരുദ്ധാരണം | | | | | | | | | | |
| 23 | 56/16, വാർഡ് 7, SNDP പാലം - മാവേലി റോഡ് പുനരുദ്ധാരണം | ഗോപാലകൃഷ്ണൻ നായർ | 25/15-16 ഇനം 1 | 60.45 | " | 94084 | 0 | 64116 | 29968 | 65/16, 18/3/16, രൂ.99729/- | ഇല്ല |
| 24 | 51/16 വാർഡ് 6, നട്ടവിലേപ്പറമ്പ് - ഐക്കരത്തറ ലക്ഷം വീട് റോഡ് പുനരുദ്ധാരണം | സേതുലക്ഷ്മി | 42/15-16 ഇനം 1 | 111.38 | " | 173352 | 0 | 118134 | 55218 | 66/15-16, 18/3/16 രൂ.183754/- | ഇല്ല |
| 25 | 64/16, വാർഡ് 9, രഞ്ജിത്ത് നിവാസ് - വെച്ചൂർ റോഡ് പുനരുദ്ധാരണം | ഗോശാലകൃഷ്ണൻ | 44/15-16 ഇനം 1 | 60.49 | " | 94147 | 0 | 64158 | 29989 | 67/15-16, 18/3/16 രൂ. 99795 /- | ഉണ്ട് |
| 26 | 174/16, വാർഡ് 5, പൂവേലിമുട്ട് - കുഴിക്കാലി റോഡ് പുനരുദ്ധാരണം | ഗോകുൽദാസ് | 50/15-16 ഇനം 1 | 51.64 | " | 67855 | 0 | 54771 | 13084 | 71/15-16, 23/3/16 രൂ.99389/- | ഇല്ല |
| 27 | 26/16, വാർഡ് 2 ചക്കാലക്കൽ -ചാവേലി റോഡ് പുനരുദ്ധാരണം | അമ്പിളി | 48/15-16 ഇനം 1 | 39.14 | " | 51430 | | 41513 | 9917 | 72/15-16, 23/3/16 രൂ. 142270/- | ഇല്ല |
| 28 | 70/16, വാർഡ് 10, ;ചിങ്ങച്ചാം പറമ്പ് റോഡ് പുനരുദ്ധാരണം | സാലി | 60/15-16 ഇനം 1,2 | 67.03 | 23.05 @ 1556.4, 44 @1314 | 93691 | 0 | 71095 | 22596 | 78/15-16, 30/3/16 രൂ.99313/- | ഉണ്ട് |
| 29 | 71/16, വാർഡ് 11, കോട്ടവിളഞ്ഞി - കരുണാലയം റോഡ് | മത്തായി .കെ. ആന്റണി | 54/15-16 ഇനം 1 | 127.8 | " | 198907 | 0 | 135550 | 63357 | 82/15-16, 30/3/16 രൂ.210844 /- | ഉണ്ട് |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | പുനരുദ്ധാരണം | | | | | | | | | | |
| 30 | 88/16, വാർഡ് 14, സിന്ധുമന്ദിരം - വാഴപ്പറമ്പിൽ നടപ്പാത | ശ്രീക്കുട്ടി | 57/15-16 ഇനം 1 | 60.54 | " | 94007 | 0 | 64211 | 29796 | 85/15-16, 30-3-16 രൂ. 99649 /- | ഉണ്ട് |
| 31 | 81/16, വാർഡ് 13, പട്ടര് മഠം - മുളക്കത്തറ റോഡ് പുനരുദ്ധാരണം | ഹരിക്കുട്ടൻ | 67/15-16 ഇനം 1 | 30.3 | " | 47159 | 0 | 32137 | 15022 | 86/15-16, 30/3/16 രൂ.49989 /- | ഉണ്ട് |
| 32 | 52/16, തൊട്ടക്കാട് - മാഞ്ഞൂരം റോഡ് പുനരുദ്ധാരണം | എൻ. തങ്കപ്പൻ | 27/15-16 ഇനം 1 | 60.4 | " | 94007 | 0 | 64063 | 29944 | 39/15-16, 27/2/16 രൂ.99647 /- | ഇല്ല |
| 33 | 93/15-16 , വാർഡ് 15 തൈച്ചേരി ജം. - ഹരിമന്ദിരം റോഡ് പുനരുദ്ധാരണം | എൻ.എസ്. തോമസ് | 26/15-16 ഇനം 1 | 45.45 | " | 70738 | 0 | 48206 | 22532 | 46/15-16, രൂ.15064/- 47/15-16 രൂ.59519/-; 27/2/16 | ഉണ്ട് |
| പുതിയ പ്രോജക്ടുകൾ ആകെ | | | | | | | | | *895815* | | |
| | ***(2)*** സ്പിൽ ഓവർ പ്രവൃത്തികൾ***(***അനുവദനീയ നിരക്ക് ***1004.52/m³)*** | | | | | | | | | | |
| 34 | 143/16, നട്ടഭാഗം ഗവ. സ്കൂൾ, മെയിന്റനൻസും പരിസരം ഉയർത്തലും | എം. സുക്കർ. എച്ച്.എം | 36/14-15 ഇനം 11 | 159 | 1303.55 | 207264 | 0 | 159719 | 47545 | 42, 43/ 15-16; രൂ.135854 /- രൂ.83847 /- തീയതി 27/2/16 | ഇല്ല |
| 35 | 148/16, സരസ്വതി വിലാസം മുതൽ കിഴക്കോട്ട് റോഡ് പുനരുദ്ധാരണം | വിനയചന്ദ്രൻ | 69/14-15 ഇനം 1 | 108.4 | " | 141305 | 0 | 108890 | 32415 | 1/16, 15/7/15, രൂ.149785 /- | ഇല്ല |
| 35 | 145/16, വാർഡ് 14, സാംസ്കാരിക നിലയം - സി. എച്ച്. സി. വരെ | ജോസഫ് ജോബ് | 70/14-15 ഇനം 1 | 108.45 | " | 141370 | 0 | 108940 | 32430 | 2/16, 15/7/15, രൂ.149853/- | ഇല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | വഴി ഗ്രാവലിംഗ് | | | | | | | | | | |
| 37 | 149/16, പുതിയോട് മുതൽ തെക്കോട്ട് റോഡ് പുനരുദ്ധാരണം | ചന്ദ്രകുമാർ ഉണ്ണി | 61/14-15 ഇനം 1 | 90.4 | " | 117841 | 0 | 90809 | 27032 | 3/16, 15/7/15, രൂ.124913/- | ഇല്ല |
| 38 | 133/16, വൈശ്യം ഭാഗം 114ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ | ഗ്രേസി | 57/14-15 ഇനം 11 | 12.21 | " | 15916 | 0 | 12265 | 3651 | 4/16, 15/7/15, രൂ.34485/- | ഇല്ല |
| 39 | 126/16, വാണിയ പ്പുരക്കൽ - പത്തിച്ചിറ, റോഡ് പുനരുദ്ധാരണം | വൽസമ്മ ജയിംസ് | 44/14-15 ഇനം 1 | 72 | " | 93856 | 0 | 72325 | 21531 | 5/16, 15/7/15, രൂ.99488/- | ഉണ്ട് |
| 40 | 144/16, വാർഡ് 10, മണപ്ര മണ്ണുപറമ്പ് - പുത്തൻപറമ്പ് വഴി നിർമ്മാണവും സ്ലാബിടലും | ബൈജു | 68/14-15 ഇനം 4 | 76.81 | " | 100126 | 0 | 77157 | 22969 | 6/16, 15/7/15, രൂ.106135/- | ഇല്ല |
| 41 | 125/16, വാർഡ് 8, കരുവാറ്റ റോഡ് - ചില്ലിക്കളം റോഡ് പുനരുദ്ധാരണം | റജിമോൻ | 73/14-15 ഇനം 1 | 18.168 | " | 23683 | 104 | 18250 | 5329 | 7/16, 15/7/16, രൂ.25000/- | ഉണ്ട് |
| 42 | 131/16, വാർഡ് 10, കറുപ്പം കളത്തിൽ തോട് സൈഡിൽ കുളിക്കടവ് | ബീന ടോമിച്ചൻ | 72/14-15 ഇനം 4 | 18.495 | " | 24105 | 45 | 18579 | 5481 | 8/16, 15/7/15, രൂ.50000/- | ഇല്ല |
| 43 | 147/16 വാർഡ് 14, സാംസ്കാരിക നിലയം മുതൽ പടിഞ്ഞാറോട്ട് | ചെറിയാൻ വർഗ്ഗീസ് | 3/15-16 ഇനം 1 | 58 | " | 75705 | 144 | 58262 | 17299 | 29/16, 27/1/16 രൂ., 80000/- | ഉണ്ട് |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാവലിംഗ് | | | | | | | | | | |
| 44 | 128/16, തൊട്ടക്കാട് - മാഞ്ഞൂരം റോഡ് പുനരുദ്ധാരണം | തങ്കപ്പൻ | 34/14-15 ഇനം 52 | 53.5 | " | 69740 | 0 | 53742 | 15998 | 55/16, 11/3/16 രൂ.99967/- | ഉണ്ട് |
| 45 | 146/16, നൂറ് പറ – ചിറയിൽ റോഡ് പുനരുദ്ധാരണം | ജോസഫ് മാത്യൂ | 66/15-16 ഇനം 1 | 67.16 | " | 87546 | 0 | 67464 | 20082 | 73/16, 30/3/16, രൂ. 92799/- | ഇല്ല |
| 46 | 129/16, വാർഡ് 6, ഐക്കരത്തറ – ശിവപുരം വഴി ഗ്രാവലിംഗ് | ദിലീപ് | 51/15-16 ഇനം 1 | 72.34 | " | 94299 | 0 | 72667 | 21632 | 76/16, 30/3/16, രൂ.99957/- | ഉണ്ട് |
| | സ്പിൽ ഓവർ ആകെ | | | | | | | | *273394* | | |
| | ആകെ അധിക ചെലവ് | | | | | | | | *1169209/-* | | |

തെറ്റായ നിരക്ക് അനുവദിക്കപ്പെട്ടതു മൂലം ടി 46 പ്രവൃത്തികളുടെ പേരിൽ ഉണ്ടായ ഈ അധിക ചെലവ് (രൂ. 1169209/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നല്കിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കി ഗ്രാമപഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്.

*അനുബന്ധ വിവരങ്ങൾ :-*

| | | |
|---|---|---|
| *കമ്പോള വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരക്ക് അംഗീകരിക്കുകയും എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നല്കുകയും ചെയ്തത്* | *:* | *ശ്രീ. ജയശങ്കർ,*<br>*അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ,*<br>*എൽ. എസ്. ജി. ഡി.,*<br>*ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്* |

## 3-3 <u>നെടുമുടി കൃഷി ഭവൻ മെയിന്റനൻസ്</u>

പ്രോജക്ട് നം. S0132/16

കൺവീനർ - ജോസഫ് തോമസ്

ഗ്രാമ പഞ്ചായത്തിലെ കൃഷി ഭവൻ പുനരുദ്ധാരണം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവു നടത്തിയതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

<u>1. ചെലവു കണക്കുകൾ ഗുണഭോക്തൃ സമിതി പൂർണ്ണമായി അംഗീകരിച്ചിട്ടില്ല –</u>

<u>ടൈലിന് ചെലവായതിലും അധികം തുക നല്കി</u>

ചെലവു സംബന്ധിച്ച 2 ഗുണ. സമിതി തീരുമാനങ്ങളാണ് ഉള്ളത്. ഇതിൽ 1-ാം പാർട്ട് ബിൽ പ്രകാരമുള്ള ചെലവ് അംഗീകരിക്കുന്നതിനായി 27.3.2015 ൽ കൂടിയ യോഗത്തിന്റെ മിനുട്സിൽ ചെലവു തുക രേഖപ്പെടുത്താതെ " *ടൈൽസിനു '------' രൂപയും അതിട്ടതിനു '-------' രൂപയും ആയി* " എന്നാണ് എഴുതിയിട്ടുള്ളത്. ഇതിന്റെ ചെലവു

രേഖയായി 300mm x 300mm ടൈൽ 1590 എണ്ണവും Joint Filler – ഉം വാങ്ങിയതിന്റെ ബില്ല് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. *(Bill No. 1998/26.3.2015 Rs. 47900/- of VEE ESS Agencies, Valanjavazhy, ഇതിൽ ടൈൽ വില 47700/-).* ഒന്നാം പാർട്ട് ബിൽ തുകയായി രൂ. 152251/- കൺവീനർക്ക് നല്കി.

ഫൈനൽ ബിൽ ചെലവ് അംഗീകരിക്കാൻ കൂടിയ യോഗത്തിന്റെ തീയതി വെയ്ക്കാത്ത മിനട്സിൽ ആകെ 79555/- രൂപ ചെലവായതായി പറയുന്നുണ്ട്. ഇതിന്റെ ചെലവു രേഖകളും ഹാജരാക്കിയിട്ടുണ്ട്. ഇതിൽ 52 ടൈലിന്റെ വിലയായി 1453/- രൂപയും ഉൾപ്പെടുന്നുണ്ട്. ഫൈനൽ ബിൽ തുകയായി രൂ. 78331/- കൺവീനർക്ക് നല്കി. കൺവീനർക്ക് ആകെ നല്കിയ തുക രൂ. 230582/-

ഇവിടെ ടൈൽ ഇടുന്നതിന് യഥാർത്ഥത്തിൽ ഉണ്ടായ ആകെ ചെലവ് ലഭ്യമല്ല. ടൈൽ വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. മറ്റ് ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല, മിനട്സിൽ കണക്കുകൾ രേഖപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.12/4.1.2017) നല്കിയിരുന്നു എങ്കിലും ഈ വിഷയത്തിന് മറുപടി നല്കിയിട്ടില്ല.

ഒന്നാം പാർട്ട് ബിൽ ചെലവുമായി ബന്ധപ്പെട്ട് ടൈൽ വാങ്ങിയതിന്റെ ചെലവു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബില്ല് പ്രകാരമുള്ള ചെലവ് ടൈൽ വിലയിനത്തിലുള്ള യഥാർത്ഥ ചെലവായി എടുക്കുന്നു.

ടി രണ്ടു ബില്ലുകൾ പ്രകാരം ആകെ വാങ്ങിയത് 300mm x 300mm അളവിലുള്ള 1642 ടൈലുകളാണ്. അതായത് 1642 ചതുരശ്ര അടി = 1642/10.76 = 152.60$m^2$

ഇതിനായി ആകെ ചെലവായ തുക 47700 + 1453 = 49153

ഇതനുസരിച്ച് ടൈലിന്റെ വില നിരക്ക് 49153/152.60 = 322.10/$m^2$

എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും DSR 2013 Item 11.37 (പേജ് 638) പ്രകാരമുള്ള പ്രവൃത്തിയാണ് കാണിച്ചിട്ടുള്ളത്. അളവു പുസ്തകം ഇനം 2 പ്രകാരം ആകെ 125.59$m^2$ ആണ് ടൈൽ പാകിയിട്ടുള്ളത്.

ഇതിന് DSR പ്രകാരം ആവശ്യമായ ടൈൽ 125.59 x 1.025 = 128.73$m^2$ = 129$m^2$

ടി നിരക്കിൽ ഇത്രയും ടൈലിന് ആവശ്യമായ വില 129 x 322.10 = 41551/-

DSR ലെ CPOH ഒഴികെയുള്ള നിരക്കിനോടൊപ്പം (714.89/$m^2$) കോസ്റ്റ് ഇന്റക്സ് 1.38 ഗുണിച്ചിട്ടുള്ള നിരക്കാണ് (986.54/$m^2$) ടൈൽ പാകലിന് നല്കിയിട്ടുള്ളത്.

ഇതിൽ ടൈലിന്റെ വില രൂ. 365/$m^2$ ആണ്. കോസ്റ്റ് ഇന്റക്സ് സഹിതം 365 x 1.38 = 503.7/$m^2$

ഇതനുസരിച്ച് ടൈൽ വിലയിനത്തിൽ നല്കിയിട്ടുള്ള തുക 125.59 x 503.7 = 63260

ടൈൽ വിലയിനത്തിൽ ആകെ ചെലവായ തുക 41551/-

ഈയിനത്തിൽ കൺവീനർക്ക് അധികമായി നല്കിയ തുക 63260 – 41551 =21709/-

ഈ അധിക ചെലവ് (രൂ. 21709/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

<u>2. ഫില്ലിഗിന് അധിക നിരക്ക് നല്കിയതു മൂലം അധിക ചെലവുണ്ടായി</u>

പ്രവൃത്തിയുടെ ഇനം 4 ആയി 28.97 m3 ഫില്ലിംഗിന് 1303.55/m3 നിരക്കിൽ 37764/- രൂപാ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ DSR 2014 ഇനം 2.2.1, ഇനം 1.1.2 എന്നിവ പ്രകാരം അംഗീകരിക്കാവുന്ന നിരക്ക് 1004.52/m3 ആണ്. *(വിശദാംശം ഖണ്ഡിക 3-2 ൽ നല്കിയിട്ടുണ്ട്)*

അധിക നിരക്ക് അനുവദിച്ചതു മൂലം ഉണ്ടായ അധിക ചെലവ്

28.97x(1303.55-1004.52) = 8663/-

ഈ അധിക ചെലവ് (രൂ. 8663/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്.

-----------------------------------------------------------------------------------------------------------

അനുബന്ധ വിവരങ്ങൾ :-

അടങ്കൽ - 250000/-

കരാർ നം. 53/AE/NDY തീയതി 25.2.2015

അളവു പുസ്തകം നം. 58/14-15

ആകെ മൂല്യം - രൂ. 230582/-

നികുതികൾ സഹിതം - രൂ. 244417/-

ബിൽ നം. 72/14-15 തീയതി 20.3.2015 രൂ. 161387/-

ബിൽ നം. 16/16 തീയതി 15.12.2015 രൂ. 83030/-

ആകെ രൂ. 244417/-

കൺവീനർക്കു നൽകിയ തുക രൂ. 363146/- ( 1047/- കുറച്ച്)

Bankers cheque No. 038386/10.4..2015 രൂ. 152251

Bankers cheque No. 277011/31.12.2015 രൂ. 78331

ആകെ രൂ. 230582/-

എസ്റ്റിമേറ്റു തയ്യാറാക്കുകയും അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തുകയും ഒന്നാം പാർട്ട് ബിൽ ചെലവു നടത്തുകയും ചെയ്തത് :-

ശ്രീ. കൃഷ്ണേന്ദു ജി.കെ, അസി. എഞ്ചിനീയർ,

കമ്പോള വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരക്ക് അംഗീകരിക്കുകയും എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നല്കുകയും ചെയ്തത് :-

ശ്രീ. ജയശങ്കർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,

എൽ. എസ്. ജി. ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

## 3-4 പൊങ്ങ തോട്ടുമുക്ക് പാലം നിർമ്മാണം

പ്രോജക്ട് നം. S0142/16

കൺവീനർ - സ്കറിയാ ആന്റണി

ഗ്രാമ പഞ്ചായത്തിലെ പൊങ്ങ തോട്ടുമുക്ക് പാലം നിർമ്മിക്കുന്നതിനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിയുടെ ചെലവു നടത്തിയതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

അളവു പുസ്തകം പ്രകാരം പദ്ധതിയുടെ ആകെ മൂല്യം 364193/- രൂപയാണ് *(നികുതികൾ സഹിതം രൂ. 386046/- ).* അടങ്കലിൽ ക്രമപ്പെടുത്തി കൺവീനർക്ക് 363146/- രൂപാ നല്കി. എന്നാൽ ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ യഥാർത്ഥ ചെലവിൽ അധികം തുക കൺവീനർക്കു നല്കേണ്ടതില്ല. 13.6.2015 ൽ ഗുണഭോക്തൃ സമിതി അംഗീകരിച്ച കണക്കിൽ ആകെ 366777/- രൂപയുടെ കണക്കാണ് കാണിച്ചിരിക്കുന്നത്. ഇതിൽ സിമന്റിന്റെ വിലയായി 32760/- രൂപ കാണിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണ ട്രേഡേഴ്സ്, അവലൂക്കുന്ന്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും തീയതിയില്ലാത്ത 162, 181 എന്നീ ബില്ലുകൾ പ്രകാരം 78 പക്കറ്റ് സിമന്റ് 420/- രൂപാ നിരക്കിൽ വാങ്ങിയതിന്റെ ബില്ലുകളും ഉൾകൊള്ളിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതിക്കായി താഴെ പറയും പ്രകാരം ആകെ 43 ചാക്ക് സിമന്റ് മാത്രമാണ് ആവശ്യമായത്.

| ക്രമ | ഇനം നം. | വിശദാംശം | ചെയ്ത | ആവശ്യമായ | റിമാർക്ക്സ് |
|---|---|---|---|---|---|

| നം | | | അളവ് | സിമന്റ് | |
|---|---|---|---|---|---|
| 1 | 3 & Extra item 3 | 20mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 കോൺക്രീറ്റിംഗ് | 1.6 $m^3$ | 512Kg | DSR 14 Item 4.13 |
| 2 | 4 | 1:6 സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള RR മേസണറി | 8.17$m^3$ | 612.75Kg | DSR 14 Items 3.11 & 7.6.1 |
| 3 | 5 | 20mm മെറ്റൽ ഉപയോഗിച്ചുള്ള 1 : 1.5 : 3 കോൺക്രീറ്റിംഗ് | 2.5$m^3$ | 1000Kg | DSR 14 Item 5.1.2 |
| ആകെ ആവശ്യമായ സിമന്റ് | | | | 2124.75Kg = 42.5 pkt= 43 pkt | |

43 പാക്കറ്റ് സിമന്റിന് ടി നിരക്കിൽ വില 43 x 420 = 18060/-

സിമന്റ് വിലയിനത്തിൽ അധികമായി കണക്കിലെടുത്ത തുക : 32760 -18060 = 14700/-

ഇതനുസരിച്ച് ഗുണഭോക്തൃ സമിതിക്കുണ്ടായ പരമാവധി ചെലവ്

(കൺവീനർക്ക് നല്കാവുന്ന പരമാവധി തുക) 366177-14700 = 351477/-

കൺവീനർക്ക് നല്കിയ തുക = 363146

കൺവീനർക്ക് അധികമായി നല്കിയ തുക 363146 – 351477 = 11669/-

ഈ അധിക ചെലവ് (രൂ. 11669/- ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

*(ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് - നം. 11/4.1.2016 – നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ കൺവീനറിൽ നിന്നും വിശദീകരണം തേടാൻ നിലവിലെ അസി. എഞ്ചിനീയറോട് ആവശ്യപ്പെടുന്നതാണ് എന്ന് പറയുന്നു.)*

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക, കൺവീനർക്ക് അധികമായി നല്കിയ തുക രൂ.11669/- തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്ത് നിധിയിൽ ഒടുക്കേണ്ടതാണ്.

---------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ :-*

*അടങ്കൽ - 385000/-*

*കരാർ നം. 55/AE/NDY തീയതി 2.3.2015*

*അളവു പുസ്തകം നം. 59/14-15, 72/14-15*

*ആകെ മൂല്യം - രൂ. 364193/-*

*നികുതികൾ സഹിതം - രൂ. 386046/-*

*ബിൽ നം. 64/14-15 തീയതി 31.3.2015 രൂ. 127126/-*

*ബിൽ നം. 9/16 തീയതി 29.7.2015 രൂ. 85000/-*

*ബിൽ നം. 10/16 തീയതി 29.7.2015 രൂ. 172874/-*

*ആകെ രൂ. 385000/-*

*കൺവീനർക്കു നൽകിയ തുക രൂ. 363146/- ( 1047/- കുറച്ച്)*

*Bankers cheque No. 038433/25.4..2015 രൂ. 119929*

*Bankers cheque No. 038742/5.8..2015  രൂ. 243217*

*ആകെ രൂ. 363146/-*

*ചെലവു നടത്തിയ ഉദ്യോഗസ്ഥൻ : ശ്രീ. കൃഷ്ണേന്ദ് ജി.കെ, അസി. എഞ്ചിനീയർ.*

## 3-5 നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക നിലയം പുനരുദ്ധാരണം

പ്രോജക്റ്റ് നം. S0134/16(Spill Over)

കൺവീനർ - സേവ്യർ കട്ടി

നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക നിലയം പുനരുദ്ധാരണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഗുണഭോക്തൃ സമിതി മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതിയുടെ ചെലവു നടത്തിയതിൽ താഴെപ്പറയുന്ന ന്യൂനത കാണുന്നു.

ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ യഥാർത്ഥത്തിൽ ചെലവാകുന്നതിൽ അധികം തുക കൺവീനർക്കു നല്കേണ്ടതില്ല. ഇവിടെ അളവു പുസ്തകം പ്രകാരം പ്രവൃത്തിക്ക് ആകെ നിർണ്ണയിക്കപ്പെട്ട മൂല്യം രൂ. 98835/- ആണ്. അത്രയും തുക തന്നെ കൺവീനർക്കു നല്കി. എന്നാൽ 7.6.2015 ൽ ഗുണഭോക്തൃ സമിതി അംഗീകരിച്ച കണക്കു പ്രകാരം ആകെ ചെലവ് രൂ. 97724/- മാത്രമാണ്.

എന്നാൽ, ഗുണഭോക്തൃ സമിതിയുടെ കണക്കിൽ ഇനം തിരിച്ചുള്ള ചെലവ് താഴെപ്പറയും പ്രകാരം ആണ് കാണിച്ചിരിക്കുന്നത്.

സാധന വില (സിമന്റ്, കമ്പി, മെറ്റൽ മുതലായവ) – 23074

ലേബർ ചാർജ്ജ് (മസ്റ്റർ റോൾ) - 37300

അനാമത്ത് - 500

ആകെ 60874/-

ഈ കണക്കിൽ ട്രസ്സ് വർക്കിനായി വാങ്ങിയ പൈപ്പ്, ഷീറ്റ് എന്നിവയുടെ വില ഉൾപ്പെടുത്തിയിട്ടില്ല. C M Metals, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ഇവ വാങ്ങിയതായുള്ള ബില്ല് (Bill no. 7048/21.5.2015 രൂ. 67650/-) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ബില്ലിൽ കാണിച്ചിട്ടുള്ള സാധനങ്ങളിൽ താഴെ പറയും പ്രകാരം 28433/- രൂപയുടെ സാധനങ്ങൾ മാത്രമാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | സാധനത്തിന്റെ പേര് | അളവ് | ബില്ല പ്രകാരമുള്ള വില (രൂ.) | ആവശ്യമായ അളവ് (5% വേസ്റ്റേജ് സഹിതം) | ബില്ലിലെ വിലയനുസരിച്ച് ഇതിന്റെ വില (രൂ.) |
|---|---|---|---|---|---|
| 1 | 4”x2” ചതുര പൈപ്പ് | 120m | 23000 | ഇല്ല | 0 |
| 2. | 3”x1.5”ചതുര പൈപ്പ് | 90m | 13200 | 41m | 6013 |
| 3 | 1.5"x0.75"ചതുര പൈപ്പ് | 180m | 12600 | 96m | 6720 |
| 4 | 10' ഷീറ്റ് | 10 എണ്ണം | 14160 | 10 എണ്ണം | 14160 |
| 5 | 5' മെറ്റൽ പ്ലേറ്റ് ഒരെണ്ണത്തിന് 350/- രൂപാ നിരക്കിൽ | 1 എണ്ണം | 3500 (350 ന പകരം 3500 എന്ന് തെറ്റായി കാണിച്ചു) | 1 എണ്ണം | 350 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | പേര് വ്യക്തമല്ലാത്ത സാധനം | - | 1000 | - | 1000 |
| 7 | കടത്തുകൂലി | | 190 | | 190 |
| ആകെ | | | 67650 | | 28433 |

ഇതനുസരിച്ച് പ്രവൃത്തിക്ക് ആകെ ചെലവായ തുക 60874+28433 = 89307

കൺവീനർക്ക് അധികമായി നല്കിയ തുക = 98835 – 89307 = 9528/-

ഈ അധിക ചെലവ് ( രൂ. 9528/- ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

*(ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് - നം. 10/4.1.2016 – നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ കൺവീനറിൽ നിന്നും വിശദീകരണം തേടാൻ നിലവിലെ അസി. എഞ്ചിനീയറോട് ആവശ്യപ്പെടുന്നതാണ് എന്ന് പറയുന്നു.)*

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക, കൺവീനർക്ക് അധികമായി നല്കിയ തുക രൂ.9528/- തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്.

-----------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ* **:-**

*കരാർ നം. 63/AE/NDY തീയതി 10.12.2014*

*അളവു പുസ്തകം നം. 75/14-15*

*ആകെ മൂല്യം - രൂ. 98835/-*

*നികുതികൾ സഹിതം - രൂ. 104766/-*

*ബിൽ നം. 12/16 തീയതി 23.9.2015 രൂ. 104766/-*

കൺവീനർക്ക നൽകിയ തുക രൂ. 98835/- (Bankers cheque No. 038851/29.9.2015)

ചെലവു നടത്തിയ ഉദ്യോഗസ്ഥൻ : ശ്രീ. റെനി സബാസ്റ്റ്യൻ, അസി. എഞ്ചിനീയർ

## 3-6 വാട്ടർടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം - വെള്ളക്കരമിനത്തിൽ അധിക തുക അടയ്ക്കുന്നു

ടാപ്പൊന്നിന് പ്രതിവർഷം 5250/- നിരക്കിൽ 358 ടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം അടയ്ക്കുന്നത്. ഈയിനത്തിലുള്ള പ്രതിമാസം ചെലവ് 156625/- എന്നാൽ, ഹാജരാക്കിയ സംയുക്ത പരിശോധനാറിപ്പോർട്ട് പ്രകാരം ജലം ലഭിയ്ക്കുന്ന 354ടാപ്പുകൾ ഉള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സംയുക്ത പരിശോധനാറിപ്പോർട്ടിൽ വാർഡ് തിരിച്ചുള്ള ടാപ്പുകളുടെ വിവരം (ജലലഭ്യതയുള്ളത്, ഇല്ലാത്തത് എന്നിവ) ഉൾപ്പടുത്തിയ പേജുകളിൽ പ്രസിഡന്റ് ഒപ്പു വെച്ചിട്ടുള്ളതൊഴിച്ചാൽ ജല അതോറിറ്റി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. ഏത് തീയതിയാണ് പരിശോധന നടത്തിയതെന്നതിലും വ്യക്തതയില്ല. ജലലഭ്യതയുള്ള ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം കാണിച്ച് ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് വെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ടി വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/4.1.2017) മറുപടി നൽകിയില്ല.

ടാപ്പുകളുടെ എണ്ണത്തിലുള്ള വ്യത്യാസം പരിഹരിയ്ക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരമിനത്തിൽ അധിക തുക ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-7 തെരുവ് വിളക്കുകൾ - ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് നല്കുന്നു

ഗ്രാമപഞ്ചായത്ത് പ്രതിമാസം തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ 38305/- രൂപാ KSEB യിൽ ഒടുക്കുന്നുണ്ട്. ആകെ 576 വിളക്കുകളുടെ കറന്റ് ചാർജ്ജാണ് ഒടുക്കുന്നത്. ഇതിൽ 462 എണ്ണവും 40W ബൾബുകളും, ബാക്കിയുള്ളവയിൽ 43 എണ്ണം മാത്രം 2X11W ന്റെ CFL വിളക്കുകളുമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 7/2015 ൽ പ്രോജക്ട് നം. 137/16 പ്രകാരം 2X11W ന്റെ CFL വിളക്കുകൾ 118 എണ്ണം സ്ഥാപിച്ചിട്ടുണ്ട്.

KSEB താരിഫ് പ്രകാരം 40W ബൾബുകൾക്ക് പ്രതിമാസ കറന്റ് ചാർജ്ജ് 61/- രൂപയും 2X11W ന്റെ CFL വിളക്കുകൾക്ക് 14/- രൂപയും ആണ്. എന്നാൽ ബൾബുകൾ മാറ്റി CFL ആക്കിയതനുസരിച്ച് വൈദ്യുത നിരക്ക് കുറച്ചതായി കാണുന്നില്ല. ഇതുമൂലം പ്രതിമാസം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 118 x (61 – 14) = 5546/- രൂപാ നഷ്ടമുണ്ടാകുന്നു.

വിഷയം KSEB അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി വൈദ്യുത നിരക്ക് ശരിയായ വിധം നിജപ്പെടുത്തുന്നതിനും അധികമായി നാളിതുവരെ ഒടുക്കിയ തുക തുടർ ബില്ലുകളിൽ ക്രമീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 അഗതി - ആശ്രയ വസ്തുവാങ്ങൽ - വെൻഡർക്ക് അധിക തുക നൽകി

2014-15 വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് അഗതി - ആശ്രയ പദ്ധതിക്കായി ആകെ 3ലക്ഷം രൂപ വകയിരുത്തി (പദ്ധതി നം 76/15, പ്ലാൻ ഫണ്ട് 294660, തനത് ഫണ്ട് 5340 ). ഈ തുകയിൽ നിന്ന് 150000 രൂപ ശ്രീമതി മണിയമ്മ, അശ്വതി ഭവനം എന്ന ആശ്രയ ഗുണഭോക്താവിന് വസ്തു വാങ്ങുന്നതിനായി ചെലവഴിച്ച (ചെക്ക് നം-840937 തീയതി 26/2/2016). ശ്രീമതി സുമതി, സനൽഭവനം എന്ന വ്യക്തിയിൽ നിന്ന് വസ്തു വാങ്ങിയതിന് മുദ്രവില, എഴുത്ത് ഫീസ്, എന്നീയിനങ്ങളിൽ 7500/- രൂപ വെൻഡറായ ശ്രീ ചന്ദ്രമോഹനദാസിന് (ലൈസൻസ് നം AD/A40, AS/A 109) നൽകി ( ചെക്ക്. നം 840932 തീയതി 26/8/15). ഇതിൽ 500/- രൂപ മുദ്രവില കിഴിച്ച് 7000/- രൂപ എഴുത്തു ഫീസ് ഇനത്തിൽ വെൻഡർക്ക് ലഭിച്ചു.

ആശ്രയ പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)12/2010, ത.സ്വ.ഭ.വ തീയതി 16/1/2010) ഖണ്ഡിക 3.2.1.d പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവ നൽകേണ്ടതില്ല. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29/8/2009ലെ L1/15679/09 വിജ്ഞാപനപ്രകാരം 125000/-മുതൽ 200000/- വരെയുള്ള വിലയാധാരങ്ങൾക്ക് 600/-രൂപയാണ് ആധാരം എഴുത്ത് ഫീസ്.

ഇതനുസരിച്ച് അധികമായി 6900/- രൂപ ചെലവഴിച്ചിട്ടുണ്ട്. 500/- രൂപ ആവശ്യമില്ലാത്ത മുദ്രപത്രം വാങ്ങുന്നതിനും 6400/- രൂപ എഴുത്തു ഫീസ് ഇനത്തിൽ വെൻഡർക്ക് അധികം നല്കുന്നതിനും. ഈ അധിക ചെലവ് ഓഡിറ്റിൽ അനുവദനീയമല്ല.

തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തു നിധിയിൽ ഒടുക്കേണ്ടതാണ്.

*(CDSമെമ്പർ സെക്രട്ടറി എന്ന നിലയിൽ ചെലവ് നടത്തിയത് :- അസി.സെക്രട്ടറി)*

## 3-9 ഡെപ്പോസിറ്റ് വർക്കുകൾ - കരാർ കാലാവധിക്ക് ശേഷവും പൂർത്തിയാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ പണം നിക്ഷേപിച്ചെങ്കിലും കരാർ കാലാവധിക്ക് ശേഷവും പണി പൂർത്തീകരിച്ചിട്ടില്ല. അതിനാൽ ഈ ആവശ്യങ്ങൾക്കായി കെട്ടിവച്ച തുകയുടെ (147505/-) ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. , പേര് | അടങ്കൽ (രൂപ) | കെട്ടിവെച്ച തുക, ബിൽ നം. , തീയതി | ഡി.ഡി. നം.(SBT) തീയതി | നിർവ്വഹണ ഏജൻസി | പണി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|---|---|
| 110/16 | 22845 | 22845 /-, 1/15-16, 20/7/015 | 38768, 20/7/15 | കെ.എസ്. ഇ.ബി | 30/6/2016 |

| | | | | | |
|---|---|---|---|---|---|
| 159/16 | 74660 | 74660 /- 15/15-16, 29/1/16 | 277175, 3/3/16 | കെ.എസ്. ഇ.ബി | 30/9/2016 |
| 101/16 | 50000 | 50000 /- 13/15-16, 29/1/16 | 277174, 3/3/16 | കേരള വാട്ടർ അതോറിറ്റി | 30/9/2016 |
| ആകെ | 147505/- | | | | |

പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 സ്പോർട്സ് ഇനങ്ങൾ വാങ്ങൽ - വിനിയോഗ രേഖകൾ ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ്പോർട്സ് ഇനങ്ങൾ വാങ്ങുന്നതിനായി റോബിൻ സ്പോർട്സ് & ഗുഡ്സ് എന്ന സ്ഥാപനത്തിന് 9502/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം. 141660/30.4.15). എന്നാൽ, വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരവും നൽകിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/4.1.2017) മറുപടിയും നൽകിയില്ല.

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 9502/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 തൊഴിൽ രഹിത വേതന വിതരണം - ഗുണഭോക്തൃ ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഓഡിറ്റ് വർഷം രണ്ടു തവണയാണ് ഗ്രാമപഞ്ചായത്തിൽ തൊഴിൽരഹിതവേതനം വിതരണം ചെയ്തിട്ടുള്ളത്. വിതരണ രേഖകൾ പരിശോധിച്ചതിൽ 21.8.15 ൽ 162 ഗുണഭോക്താക്കൾക്ക് വേതനം നൽകുന്നതിനായി 1,94,400/- രൂപ (ബിൽ നം. 2/15-16) പിൻവലിച്ചു. 09/2014 മുതൽ 06/2015വരെയുള്ള കാലയളവിലേയ്ക്കാണ് തുക അനുവദിച്ചത്. 116ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത ശേഷം ബാക്കി 59400/- രൂപ (ചെല്ലാൻ നം. 203/26.8.15) തിരിച്ചടച്ചു. തുടർന്ന്, 135ഗുണഭോക്താക്കൾക്ക് 7/15 മുതൽ 11/2015 വരെയുള്ള കാലയളവിലേയ്ക്കായി 81000/- രൂപയും (ബിൽ നം.19/15-16തീയതി 26.2.16) പിൻവലിച്ചു. 102പേർക്ക് വിതരണം ചെയ്തതിനു ശേഷമുള്ള 22920/-രൂപ ( ചെല്ലാൻ നം. 250/12.3.16) ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ലിസ്റ്റ് കൃത്യമായി തയ്യാറാക്കാത്തതിനാൽ യഥാർത്ഥത്തിൽ ആവശ്യമായതിലും അധികം തുക പിൻവലിയ്ക്കുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്. ആനുകൂല്യം പണമായി വിതരണം ചെയ്യുന്നതാകയാൽ ആവശ്യത്തിലധികം തുക പിൻവലിച്ച് സൂക്ഷിയ്ക്കുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കുന്ന നടപടിയാണ്. മാത്രവുമല്ല മണി ഓർഡർ കമ്മീഷൻ ഇനത്തിലും അധികച്ചെലവുണ്ടാകുന്നു. മുപ്പത്തിയഞ്ച് വയസ്സ് പൂർത്തിയായവർ, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ, മറ്റ് പഞ്ചായത്തുകളിൽ സ്ഥിരതാമസമാക്കിയവർ, തൊഴിൽ ലഭിച്ചവർ എന്നിവരെ ഒഴിവാക്കി ലിസ്റ്റ് കാലികമായി തയ്യാറാക്കേണ്ടതും വലിയ തുക തിരിച്ചടയ്ക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-12 പാലിയേറ്റിവ് കെയർ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ

പാലിയേറ്റിവ്കെയർ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഹോംകെയർ കിറ്റ്, പാലിയേറ്റീവ് ഉപകരണങ്ങൾ, മരുന്ന് എന്നിവയ്ക്കായി ബിൽ നം.1/15-16തീയതി 24.8.15 പ്രകാരം 49429/-രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ - ന് (ചെക്ക് നം.955009/24.8.15) നൽകിയിട്ടുണ്ട്. എന്നാൽ, 29.9.15, 17.10.15, 29.10.15 തീയതികളിലായി 46718/- രൂപയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും മാത്രമാണ് ലഭിച്ചിട്ടുള്ളത്. നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിയ്ക്കാത്തതിനാൽ, ബാക്കിയുള്ള 2711/- (49429 - 46718) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) 228/12 ത.സ്വ.ഭ.വ 23.08.12 ) പ്രകാരം പാലിയേറ്റീവ് പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായി മൂന്ന് മാസത്തിലൊരിയ്ക്കൽ പി.എം.സി യോഗം ചേരണമെന്നാണ് നിർദ്ദേശം. എന്നാൽ, 2015-16 വർഷം രണ്ടു തവണ (11.9.2015, 23.12.15) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഇതിൽനിന്നും ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ വേണ്ട വിധം വിശകലനം ചെയ്യപ്പെടുന്നില്ല എന്നി വ്യക്തമാകുന്നു.

കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിയ്ക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിയ്ക്കുകയുള്ളൂ. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന്, ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

പാലിയേറ്റീവ് കെയറിനായുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയിൽ (ജി.ഒ (ആർ.റ്റി) 3217/15 ത.സ്വ.ഭ.വ29.10.15) രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരാൻ ആണ് നിർദ്ദേശിയ്ക്കുന്നത്.

രോഗവും മറ്റു ശാരീരിക അസ്വസ്ഥതകളും കാരണം ദൈനംദിന പ്രവർത്തനങ്ങളിൽ പരസഹായം ആവശ്യമുള്ളവരുടെ ക്ഷേമം മുൻനിർത്തി നടപ്പാക്കുന്ന പദ്ധതിയുടെ ശരിയായ നിർവ്വഹണത്തിന് യുക്തമായ തീരുമാനം എടുക്കേണ്ട ചുമതല കമ്മിറ്റിയ്ക്കുണ്ട്. ആയതിനാൽ, യഥാസമയം യോഗം വിളിച്ചുകൂട്ടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ ശേഷിച്ച പണം തിരികെ അടച്ചിട്ടില്ല

വിവിധ പദ്ധതികൾക്കായി മങ്കോമ്പ് നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിച്ച് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ചമ്പക്കുളം എസ്.ബി.റ്റിയിലെ അക്കൗണ്ടുകളിൽ നിക്ഷേപിച്ച തുകയിൽ ബാക്കിനിൽക്കുന്നതുകയും നിക്ഷേപിച്ച തുകക്ക് ലഭിച്ച പലിശയും അക്കൌണ്ടിൽ അവശേഷിക്കുന്നു. ജി.ഒ.(പി)നം.177/2006/ഫിൻ തീയതി 12.4.2006 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് മുപ്പത് ദിവസത്തിനകം വിതരണം ചെയ്യാത്ത പണം നിശ്ചിത ഹെഡ്ഡിൽ തിരിച്ചടയ്ക്കേണ്ടതാണ്. വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക |
|---|---|
| അസി. എൻജിനീയർ | 42407 |
| അസി. സെക്രട്ടറി | 57182 |
| സെക്രട്ടറി | 46059 |
| വി.ഇ.ഒ | 97001 |
| കൃഷി ഓഫീസർ | 301291 |
| ആകെ | 543940 |

*(വി.ഇ.ഒ.യുടെ അക്കൗണ്ടിൽ 2014-15 വർഷാവസാനം 83640/- രൂപ അവശേഷിച്ചത് കേരള സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കണമെന്ന് 2014-15 ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിരിന്നതാണ് (ഖ.3-20).)*

ഈ തുകകൾ ഉടൻ തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-14 നോൺബാങ്കിംഗ് ട്രഷറി - വെറ്ററിനറി സർജന് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പണമിടപാടുകൾ നടത്തുന്ന മങ്കൊമ്പ് സബ്ട്രഷറി നോൺ ബാങ്കിംഗ് ആണ്. ജി.ഒ.(പി) നം.177/2006/ഫിൻ തീയതി 12.4.2006 പ്രകാരം ട്രഷറികൾ നോൺ ബാങ്കിംഗ് ആകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് അത് വഴിയായിരിയ്ക്കണം തുക ഡി.ഡി. ആക്കി പദ്ധതി നിർവ്വഹണം നടത്തേണ്ടത്. എന്നാൽ വെറ്ററിനറി സർജന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട്

ആരംഭിച്ചിട്ടില്ല. ട്രഷറിയിൽ നിന്നും പിൻവലിയ്ക്കുന്ന തുക ബാങ്കിൽ നിക്ഷേപിയ്ക്കാതെ തന്നെ ഡി.ഡി. ആക്കുന്നു എന്നാണ് അറിയിച്ചത്.

ധന വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടത് ആവശ്യമാകയാൽ അക്കൗണ്ട് ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് മൂല്യവർദ്ധിത നികുതി ഈടാക്കി

പുതുക്കിയ പൗരാവകാശരേഖ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുവാനായി 92200/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി (പദ്ധതി നം 186/16). 3700പ്രതികൾ അച്ചടിക്കാനായി ലിമിറ്റഡ് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ തുകയായ പ്രതി ഒന്നിന് 24.9 രൂപ ക്വാട്ട് ചെയ്ത ദാസ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഉക്കുകളം, പുന്നപ്ര എന്ന സ്ഥാപനത്തെ (ക്വട്ടേഷൻ തീയതി 24/2/16) പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 31/3/16 ൽ SBT ചമ്പക്കുളം ശാഖയിൽ നിന്നുള്ള ബാങ്കേഴ്സ് ചെക്ക് നമ്പർ 27727പ്രകാരം 92130/- രൂപ ഈ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട്, സെക്ഷൻ 10 പ്രകാരം കരാർ വച്ച് നിർവ്വഹിക്കുന്ന പ്രവൃത്തികളിൽ സാധന - സേവന ഘടകങ്ങൾ ഉൾപ്പെട്ടുണ്ടെങ്കിൽ കരാർ തുകയുടെ 4 ശതമാനം മൂല്യവർദ്ധിത നികുതി (വാറ്റ്) ഈടാക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിയിൽ വാറ്റ് ഈടാക്കിയിരുന്നില്ല. 92130/- രൂപക്ക് 4 ശതമാനം നിരക്കിൽ 3685/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടമായി.

വിഷയം സൂചിപ്പിച്ച് ഓഡിറ്റ് അന്വേഷണം (നം.5/4/1/2017) നല്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അച്ചടിശാല തുക അടക്കുകയുണ്ടായി (രസീത് നം. 46907 / 4.1.2017 രൂ. 3685/-)

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 108900 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ | 108900 | ഇല്ല |
| | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 108900 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 108900 | ഇല്ല |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് സ്ഥാപിയ്ക്കൽ. | 21500287/ 4.9.15& | 97505 | 97505 | 0 |

| | | | | | |
|---|---|---|---|---|---|
| | | 21500720/ 10.3.16 | | | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. | പൈപ്പ് ലൈൻ നീട്ടൽ. | 21500682/ 27.2.16 | 50000 | 50000 | 0 |

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 960/10/ lsgd തീ. 20/3/2010 | 10965000 | 6065300 | 3345304 | | 2719996 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7ഓഡിറ്റ് റിക്കവറി

ഇല്ല

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-6 | 2011-12 | 3.1.8 | ആറു ലക്ഷം രൂപ ചെലവഴിച്ചിട്ടും | പഞ്ചായത്ത് മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | | തരിശുനിലം കൃഷി യോഗ്യമായില്ല. | നൽകിയിട്ടുണ്ട്. |
| 2009-10 | 3-12 | 2011-12 | 3.1.19 | ഇടവിളകൃഷിയ്ക്കായി പദ്ധതികൾ രൂപീകരിയ്ക്കുകയോ തുക ചെലവഴിയ്ക്കുകയോ ചെയ്തിട്ടില്ല. | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 281,91,466/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 356,09,570/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 32,825/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12,06,169/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,81,427/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 32825 (തൻവർഷത്തെ മാത്രം) | -- | കെ.എൻ.വിമൽകുമാർ. സെക്രട്ടറി |
| 3-2 | -- | 1169209 | ജയശങ്കർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| 3-3(2) | -- | 8863 | ജയശങ്കർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| 3-4 | -- | 11669 | കൃഷ്ണേന്ദ് ജി.കെ, |

| | | | |
|---|---|---|---|
| | | | അസി. എഞ്ചിനീയർ, |
| 3-5 | -- | 9528 | റനി സെബാസ്റ്റ്യൻ.<br>അസി. എഞ്ചിനീയർ |
| 3-8 | -- | 6900 | T.V. വിനോദ്,<br>അസി.സെക്രട്ടറി |
| ആകെ | **32825/-** | 1206169/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 21709 | കൃഷ്ണേന്ദു ജി.കെ,<br>അസി. എഞ്ചിനീയർ, |
| 3-9 | 147505 | കെ.എൻ.വിമൽകുമാർ.<br>സെക്രട്ടറി |
| 3-10 | 9502 | കെ.എൻ.വിമൽകുമാർ.<br>സെക്രട്ടറി |
| 3-12(1) | 2711 | ഡോ.സിന്ധു ശ്രീധർ.<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |
| ആകെ | 181427/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-2, 2-4

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എൻ.വിമൽകുമാർ.<br>സെക്രട്ടറി | സെക്രട്ടറി,<br>പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | പുന്നപ്പള്ളിൽ,<br>പുന്നപ്ര വടക്ക്<br>പി.ഒ.,<br>ആലപ്പുഴ |

| | | |
|---|---|---|
| ജയശങ്കർ,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ. എസ്. ജി. ഡി., ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ. എസ്. ജി. ഡി.,<br>ജില്ലാ പഞ്ചായത്ത്<br>പത്തനംതിട്ട | ജയവിഹാർ,<br>ചെമ്പക നഗർ,<br>ഊറ്റുകുഴി,<br>തിരുവനന്തപുരം. |
| കൃഷ്ണേന്ദ് ജി.കെ,<br>അസി. എഞ്ചിനീയർ, | -- | എറപുത്തൻ വീട്,<br>ചാങ്ങ പി.ഒ.,<br>വെള്ളനാട്,<br>തിരുവനന്തപുരം |
| റനി സെബാസ്റ്റ്യൻ.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>തകഴി ഗ്രാമ പഞ്ചായത്ത് | K G കടവുങ്കൽ,<br>അർത്തുങ്കൽ P.P.<br>ചേർത്തല. |
| T.V. വിനോദ്,<br>അസി.സെക്രട്ടറി | -- | പട്ടത്താനം,<br>ചെമ്മംതറ,<br>അവലൂക്കുന്ന പി.ഒ.<br>ആര്യാട്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ5/832/11/31.01.12<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07,2007-08 | എൽ.എഫ്.ജി.എ5/1577/14/16.05.14 |
| 2008-09 | എൽ.എഫ്.ജി.എ5/1577/14/7.06.14 |
| 2009-10 | എൽ.എഫ്.ജി.എ5/1577/14/16.05.14 |
| 2010-11&2011-12 | എൽ.എഫ്.എ.പി1/766/13/21.01.14/11.4.14 |
| 2012-13&2013-14 | എൽ.എഫ്.എ.പി1/1990/14/ |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി1-87/2016/11.2.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി.1-36/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 17. 1.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P.1-36/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 17. 1.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Nedumudy Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Nedumudy Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha